# A.K.N.M-M.A.MEMORIAL HIGHER SECONDARY SCHOOL KATTUKULAM

KATTUKULAM SOUTH PO THIRUVAZHIYODE PALAKKAD-679514

# Aura

DIGITAL MAGAZINE 2K18-19



# A. K. N. M - M. A. MEMORIAL HIGHER SECONDRY SCHOOL KATTUKULAM

**Kattukulam South (po), Thiruvazhiyode (via) Palakkad, 679514, Kerala**
**Email : hsskattukulam09@g.mail.**



# പ്രണാമം



## ശ്രീ. കെ. കെ. കാന്തർ



K.UNNINARAYANAN

Manager



K. P. RAJEESH

Principal



T. BINA

Head mistress



STAFF



# *MESSAGE*

K.UNNINARAYANAN

SCHOOL MANAGER

I am glad to know that the little kites of our school is preparing a Digital Magazine “AURA” on 19th January 2019.I offer my felicitations to the students and teacher's of the school. My best wishes for the tremendous victory for the Digital Magazine.





## ആമുഖം

# വിസ്മയ തുമ്പത്ത്...

കെ.പ്രമോദ്
(സ്റ്റാഫ് എഡിറ്റർ)

AURA

എനിക്കേറ്റവും പ്രിയപ്പെട്ടവരേ,

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളത്തിലുടനീളം വിദ്യാഭ്യാസരംഗത്ത് ഡിജിറ്റൽ വിപ്ലവമൊരുക്കി അതിന്റെ പ്രകാശസ്ഫുരണങ്ങൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളിലൂടെ പൊതുസമൂഹത്തിലേക്ക് എത്തിച്ചുകൊണ്ടിരിക്കുന്ന ഈ ധന്യമുഹൂർത്തത്തിൽ കുഞ്ഞുമനസ്സുകളിൽ സർഗ്ഗസൃഷ്ടികൾക്ക് ഇടം നൽകുന്ന "AURA" ഡിജിറ്റൽ മാഗസിൻ...

വരയും എഴുത്തും വായനയുമെല്ലാം ഒരു വിരൽത്തുമ്പിലെത്തിനിൽക്കുന്ന ഇക്കാലത്ത് ഡിജിറ്റൽ മാഗസിൻ എന്ന സ്വപ്നം ഇവിടെ ഒരു കൂട്ടം വിദ്യാർത്ഥികളുടെ അശ്രാന്ത പരിശ്രമത്തിന്റെ ഭാഗമായി സാക്ഷാത്കരിക്കപ്പെടുമ്പോൾ.കാട്ടുകുളം ഹയർസെക്കന്ററി സ്കൂളിന്റെ "AURA" സുവർണ്ണശോഭയോടെ ചരിത്രത്തിൽ സ്ഥാനം പിടിക്കുമെന്ന പ്രത്യാശയോടെ...

"AURA"യിൽ പരിപൂർണ്ണത ഞങ്ങൾ അവകാശപ്പെടുന്നില്ല.തെറ്റുകൾ ഉണ്ടാവാം ....ഞങ്ങളോട് സവിനയം ക്ഷമിക്കുമല്ലോ...

കഥയും,കവിതയും,ലേഖനങ്ങളും,ചിത്രങ്ങളും എല്ലാം ഒരുക്കുന്ന ഡിജിറ്റൽ വിസ്മയലോകത്തേക്ക് ...വായനയുടെ ലോകത്തേക്ക് ഏവരേയും ക്ഷണിച്ചുകൊണ്ട്...ചാരിതാർത്ഥ്യത്തോടെ "AURA" ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കുമുന്നിൽ തുറന്നുവെയ്ക്കട്ടെ

# എഡിറ്റോറിയൽ



**എസ്.വിദ്യ**
**സ്റ്റുഡന്റ് എഡിറ്റർ**

സാഹിത്യത്തെ ആദരിക്കുകയും ജീവനതുല്യം സ്നേഹിക്കുകയും ചെയ്യുന്നവർക്കു വേണ്ടി എ.കെ.എൻ.എം.എം.എ.എം.എച്ച്.എസ്.എസ്.കാട്ടുക്കളും സമർപ്പിക്കുന്ന ഒരു മാഗസിനാണ്

**'' AURA''**

ഹൈടെക്ക് ലോകത്തിനു വേണ്ടി സ്വപ്നം കാണുന്ന ഓരോ വിദ്യാർത്ഥിയുടേയും ശബ്ദമാണ് **'' AURA'' സാങ്കേതിക വിദ്യയുടെ കറുത്ത വശങ്ങൾ മാത്രം കാണുന്ന ലോകത്തിന് മുന്നിൽ കറുത്തമേഘങ്ങൾക്കപ്പുറമുള്ള നീലാകാശത്തെ ഞങ്ങൾ തുറന്നു കാട്ടുന്നു.** ഇന്നത്തെ വിദ്യാർത്ഥികൾ വരും ലോകത്തിന്റെ അടിത്തറയാണ്. അവരുടെ മനസ്സിൽ ഒളിഞ്ഞു കിടക്കുന്ന സർഗാത്മകതയെ പുറത്തെടുക്കാനും ഓജസ്സുറ്റതാക്കാനും **"AURA”** ലക്ഷ്യമാക്കുന്നു.

# താളുകളിലൂടെ...

## വിദ്യാലയം .......................................




കാലത്തിനുമുൻപേ നടന്ന വിദ്യാലയം ............... 1-3

സോപാനം .........................................................4-5

ലിറ്റിൽകൈറ്റസ് ..........................................6-7




## ..............................കഥാമൃതം


9-12 .................................. ഡിറ്റക്റ്റീവ് ദ ഭൂതം

13 ..................................... ഇന്നെന്തുപറ്റി?

14-15 ....................................... കോമരങ്ങൾ

16-17 ............................................ മുഖംമൂടി

18-19 ....................................... തേന്മാവ്

20-21 .......................... ഉള്ളിലെ ചെകുത്താൻ

22 ...................................................പ്രസക്തി

23-24 ............................................. Maternity

25-26................................................... Regret

27-28 .................... Rise of the sun for the dawn

29-33............................................ Realisation

# കവിതാഞ്ജലി ...............................




അക്ഷരപ്രഭയോടെ വന്ന ജ്വാലാദീപം ...........35-36

അപ്പോം ചുട്ട്.........................................................37

ഗുരു............................................................... 38

നാളേക്കൊരു സന്ദേശം...............................................39

പ്രളയക്കെടുതി......................................................... 40

സാഗരം ..................................................................41-42

Alone in the frozen life..................................... 43

Bonding along chemistry ................................ 44-45

Frayed stitch .......................................................46

Hidden worth ..................................................... 47

Moonlight .......................................................... 48

हवा ........................................................................ 49

सुन्दरता ........................................................... 50




# ..........................ലേഖനകൗതുകം


52-53.....പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

54 ...................................ആരാണ് ഗാന്ധിജി?

55-57 ..........................പ്രളയം നൽകുന്ന പാഠം

58-59 .......... നശിച്ചുകൊണ്ടിരിക്കുന്ന മാതൃഭാഷ

60-61..............സൂര്യനും ഭൂമിയും പിന്നെ നമ്മളും

62..................സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾ

63-64............................ പ്രകൃതിയുടെ തിരിച്ചടി

65-66 ....................Children the wealth of nation

67-68 ............................................Why Doubts?
69-70 .................................................... परोपकार
71-72 .................................................... अकेलापन

## കിലുക്കാംപെട്ടി ............................



അനുഭവക്കുറിപ്പ്............................................. 74
അലങ്കാരവസ്തു നിർമാമാണം............................ 75-76
Fun Facts ..................................................... 77-78
Science Corner .................................................. 79
Fascinating Facts ............................................... 80



# കാലത്തിന് മുൻപേ നടന്ന വിദ്യാലയം

കെ.പി.രാജേഷ്

പ്രിൻസിപ്പാൾ




ഗ്രാമീണഭൃതകാലത്തിന്റെ കഥകൾ നിറയുന്ന'നിരവത്തില്ലപ്പറമ്പ്' എന്ന സ്ഥലത്ത് ദേശീയതലത്തിൽ വിജയത്തിന്റെ പൊൻതൂവലുകൾ ചാർത്തി നിറശോഭയോടെ നിൽക്കുന്ന ഒരു വിദ്യാലയം! പാലക്കാട് ജില്ലയിലെ കാട്ടുകുളത്തെ എ.കെ.എൻ.എം.എം.എ മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ.'നിരവത്തില്ലപ്പറമ്പ്' കഥകളിൽനിന്നും തേഞ്ഞുമാഞ്ഞുപോയ സ്മരണകൾ മാത്രം.

നിരക്ഷരഗ്രാമീണരുടെ ചിന്തകളിൽ അക്ഷരദീപം പ്രോജ്ജ്വലിപ്പിക്കാൻ ഈ ഗ്രാമത്തിൽ എത്തിയ നിഷ്കാമകർമ്മയോഗിയാണ് കെ.കെ കാന്തൂർ. തന്റെ ഭാര്യാപിതാവിന്റെയും മാതാവിന്റെയും ഓർമ്മകളാണ് വിദ്യാലയത്തിന്റെ പേരിൽ തെളിയുന്നത്. 1951 ജൂൺ 1-ന് മൂന്നുകുട്ടികളും ഒരദ്ധ്യാപകനുമായി തുടങ്ങിയ ഈ എലിമെന്ററി സ്കൂൾ

1957 ൽ ഹൈസ്കൂളായും 2010 ൽ ഹയർസെക്കന്ററി സ്കൂളായും വളർന്നു.

നാടിന്റെ ഗുരുനാഥനായി പിന്നീട് അറിയപ്പെട്ട വി.ബാലകൃഷ്ണൻ മാസ്ററർ രൂപപ്പെടുത്തിയ പ്രവർത്തനപഥങ്ങളിലൂടെ മുന്നേറി വിദ്യാലയം എത്തിപ്പിടിക്കാത്ത നേട്ടങ്ങളില്ല. അദ്ധ്യാപക അവാർഡ് ശരിക്കും അന്വർത്ഥമായത് ആ ഗുരുവര്യന് ലഭിച്ചപ്പോഴായിരുന്നു.

കേരളത്തിന്റെ വിദ്യാഭ്യാസരംഗത്ത് പിന്നീട് വന്നിട്ടുള്ള പല പദ്ധതികളും കാലത്തിനുമുമ്പേ നടപ്പിലാക്കിയ പാരമ്പര്യമാണ് കാട്ടുകുളത്തിന്റേത്. ഉച്ചഭക്ഷണമില്ലാതെ വിശന്നിരുന്ന കുട്ടികൾക്ക് പൊതിച്ചോറെന്ന സ്നേഹസാന്ത്വനം വിദ്യാലയത്തിൽ പതിറ്റാണ്ടുകൾക്കുമുന്നേ തുടങ്ങി- ഉച്ചഭക്ഷണമെന്ന സർക്കാർ പദ്ധതി വരുന്നതിന് എത്രയോ മുമ്പുതന്നെ. കുട്ടികളെ ആത്മവിശ്വാസത്തോടെ പ്രോത്സാഹിപ്പിക്കുന്നതിന് സ്കോളർഷിപ്പുകളും, അവാർഡുകളും, സമ്മാനങ്ങളും ഇന്ന് എല്ലായിടത്തും നിർലോഭമാണെങ്കിൽ അത് കാട്ടുകുളത്തിന്റെ ചരിത്രത്തിന്റെ ഭാഗമാണ്. പഠനപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിശീലനങ്ങൾ ഇന്ന് സാർവ്വത്രികമാണെങ്കിൽ ഒരു ഭരണസംവിധാനത്തിന്റേയും നിർബന്ധമില്ലാതെ വിദ്യാലയത്തിൽ എസ്.എസ്.എൽ.സി പരീക്ഷ ആരംഭിച്ച കാലം മുതൽക്കേ അത്തരം പരിശീലനം ആരംഭിച്ചിരുന്നു. ഗ്രേഡിങ് സമ്പ്രദായം വരുന്നതിനുമുമ്പും ജില്ലയിലെ ഏറ്റവും മികച്ച റിസൾട്ട് സൃഷ്ടിക്കുന്ന വിദ്യാലയമായി വളർന്നതിന്റെ രഹസ്യം മറ്റൊന്നല്ല.

ഇന്ന് ക്ലാസ്സ്മുറികൾ ആധുനികദൃശ്യമാധ്യമ സംവിധാനങ്ങൾകൊണ്ട് ഹൈടെക് ആയിമാറിക്കഴിഞ്ഞു.

കമ്പ്യൂട്ടർ സംവിധാനത്തിന്റെ അനന്തസാധ്യതകൾ മനസ്സിലാക്കി 25 വർഷങ്ങൾക്കുമുമ്പ് വിദ്യാലയത്തിൽ കമ്പ്യൂട്ടർ ക്ലാസ്സുകൾ ആരംഭിച്ചു എന്നത് ഇന്ന് അത്ഭുതമായി തോന്നും. ആ വളർച്ചയുടെ  തുടർച്ചയാണ് 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സ്മുറികളും പൂർണ്ണമായും ഹൈടെക് ആയ ജില്ലയിലെ ആദ്യവിദ്യാലയമായി മാറുന്നതിന് കാട്ടുകുളത്തെ സഹായിച്ചത്.

പരിസ്ഥിതി

സൗഹാർദ്ദക്യാമ്പസ് എന്ന മുദ്രാവാക്യം ഉയരുന്നതിന് എത്രയോമുമ്പുതന്നെ  സ്കൂളിന് തണൽമരങ്ങൾകുടപിടിച്ചുനിൽക്കുന്നുണ്ട്. എല്ലാ തൊഴിലിനും മഹത്വമുണ്ട് എന്ന് കുട്ടികളെ പഠിപ്പിക്കണമെന്ന് ഇപ്പോൾ പറയുമ്പോൾ 'യങ് ഫാർമേഴ്സ് ക്ലബ്ബിന്റെ' കാർഷിക പ്രവർത്തനങ്ങൾ പഴയ തലമുറയുടെ ദീപ്തസ്മരണകളാണ്.

ഗ്രാമീണ നന്മയുടെ വഴി ചവിട്ടി വരുന്ന കുട്ടികൾ ഈ വിദ്യാലയാങ്കണത്തിൽ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വിശുദ്ധിയുടെയും ഗാഥകളാണ് തീർക്കുന്നത്. അവരേ മുൻപേ നടത്തിക്കാൻ എന്നും നിസ്വാർത്ഥരായ അധ്യാപകരും രക്ഷിതാക്കളും നാട്ടുകാരും ഒപ്പമുണ്ട്. അവർ വലിയ ലോകമാണ് കുട്ടികൾക്കായി തുറന്നുവെക്കുന്നത്

# സോപാനം

സ്കൂൾ റിപ്പോർട്ട്



ടി.ബീന
(ഹെഡ് മിസ്ട്രസ്)

പതിറ്റാണ്ടുകളായി പാഠ്യപാഠ്യേതര വിഷയങ്ങളിൽ മുന്നിട്ടുനിൽക്കുന്ന കാട്ടുകുളം ഹയർസെക്കന്ററി സ്കൂളിൽ യു.പി,ഹൈസ്കൂൾ,ഹയർ സെക്കന്ററി വിഭാഗങ്ങളിലായി ആയിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികളും 67 ജീവനക്കാരും ഈ വിദ്യാലയത്തിലുണ്ട്. അക്കാദമിക കാര്യത്തിൽ മണ്ണാർക്കാട് വിദ്യാഭ്യാസ ജില്ലയിലും ചെർപ്പുളശ്ശേരി ഉപജില്ലയിലും ഒന്നാം സ്ഥാനത്തുതന്നെയാണ് ഈ വിദ്യാലയം.ശ്രീ.കെ ഉണ്ണിനാരായണൻ ആണ് ഇപ്പോഴത്തെ മാനേജർ സ്കൂളിന്റെ എല്ലാ കാര്യത്തിലും അദ്ദേഹം നമ്മോടൊപ്പമുണ്ട്. യാത്രാസൗകര്യത്തിനായി അഞ്ചുബസ്സുകളും നമുക്കുണ്ട്.സ്കൂളിന്റെ പുരോകതിക്കായി നമ്മോടൊപ്പം നിൽക്കുന്ന ശക്തമായ ഒരു പി.ടി.എയും സ്കൂളിന്റെ ക്ഷേമപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്ന പൂർവ്വവിദ്യാർത്ഥികളും നമുക്കുണ്ട്.

വിദ്യാരംഗം,ഇംഗ്ലീഷ് ക്ലബ്ബ്,ഹിന്ദി ക്ലബ്ബ്,മാത്സ്ക്ലബ്ബ്,സോഷ്യൽ ക്ലബ്ബ്,സയൻസ് ക്ലബ്ബ്എന്നിങ്ങനെ വിവിധ ക്ലബ്ബുകൾ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.7000 ത്തോളം മികച്ച പുസ്തകങ്ങളുള്ള നല്ലൊരു ലൈബ്രറിയും വിദ്യാലയത്തിനുണ്ട്. പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തോടെ നടക്കുന്ന പുസ്തകത്തൊട്ടിൽ പദ്ധതി ക്ലാസ് ലൈബ്രറികൾക്കൊരു മുതൽക്കൂട്ടാണ്.

ഇതിനുപുറമേ ജൂനിയർ റെഡ് ക്രോസ്സ് ,സ്കൗട്ട്

&ഗൈഡ്,എൻ.എസ്.എസ് സൗഹൃദ ക്ലബ്ബ്,കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് എന്നിവ സ്കൂളിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

ശാസ്ത്രനാടക മത്സരത്തിൽ ദേശീയതലത്തിൽ പങ്കെടുത്ത് നമ്മുടെ വിദ്യാലയം പലതവണ ഒന്നാം സ്ഥാനവും എ ഗ്രേഡും നേടുകയുണ്ടായി. മികച്ച നടൻ,നടി,സംവിധായകൻ എന്നിവയ്ക്കുള്ള സമ്മാനങ്ങളും നമ്മൾ നേടിയിട്ടുണ്ട്.തിരുപ്പതിയിൽ വെച്ചുനടന്ന ജൂനിയർ നാഷണൽ മീറ്റിൽ ഹൈ ജമ്പിൽ ആകാശ് ആറാം സ്ഥാനം നേടി.സ്കൂളിന്റെ ചരിത്രവിജയം തന്നെയാണിത്.സംസ്ഥാന അമേചർ അത് ലറ്റിക് മീറ്റിൽ പങ്കെടുത്ത അശ്വിൻ(+2)ഹൈജമ്പിലും വിമൽ(+1)പോൾവാൾട്ടിലും സമ്മാനം നേടുകയുണ്ടായി.സംസ്ഥാന ഐ.ടി മേളയിൽ Web page designing ഇൽ യദു കൃഷ്ണൻ എ ഗ്രേഡും അഞ്ചാം സ്ഥാനവും നേടി.  സംസ്ഥാന ഗണിത മേളയിൽ അലൻ.എം.അരുൺ ചന്ദന രാജ് എന്നിവർ എ ഗ്രേഡ് കരസ്ഥമാക്കി. സംസ്ഥാന പ്രവൃത്തി പരിചയമേളയിൽ Wood carving ഇൽ എ ഗ്രേഡ് നേടി. സംസ്ഥാന യുവജനോത്സവത്തിൽ കാവ്യകേളിയിൽ വൈഷ്ണവ് എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടി. സംസ്ഥാന വടംവലി മത്സരത്തിൽ സ്കൂളിന് അംഗീകാരം നേടാൻ സാധിച്ചു.

# ലിറ്റിൽ കൈറ്റ്സ് :ഒരു എത്തിനോട്ടം





എം.പി ബീന    കെ.എം ആശ

(കൈറ്റ് മിസ്ട്രസ്സ്)

അനുദിനം മാറികൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിൽ വിദ്യാഭ്യാസരംഗത്തും ഒരുപാട് മാറ്റങ്ങൾ വന്നുകൊണ്ടേയിരിക്കുന്നു.പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ വിദ്യഭ്യാസ പ്രക്രിയയിൽ സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഉന്നപരമായും സർഗാത്മമായും പ്രയോജനപെടുത്തുന്നതിനാണ് പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഹൈസ്കൂളിൽ 'ലിറ്റിൽ കൈറ്റ്സ് 'എന്ന ഐ.ടി കൂട്ടായ്മ നടപ്പിലാക്കുന്നത്.

'ലിറ്റിൽ കൈറ്റ്സ് 'പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരിശീലനകാലയളവിൽ വൈവിദ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്.ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിന് വിവിധ വിഷയ മേഖലയിലെ പ്രായോഗിക പരിശീലനം  പരിശുലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.മികവ് പുലർത്തുന്നവർക്ക് സബ് ജില്ല,ജില്ല,സംസ്ഥാനത്തിൽ ക്യാമ്പുകളിലായി കൂടുതൽ ഉയർന്ന പരിശീലനം ലഭിക്കുന്നതിനും പരിശീലന പദ്ധതി

സൗഹൃദമാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗർബല്യമെങ്കിൽ നിങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തൻ.

അവസരമൊരുക്കുന്നു.

സ്കൂൾ പ്രവർത്തനത്തെ ബാധിക്കാതെയും അവധി ദിവസങ്ങൾ പ്രയോജനപ്പെടുത്തിയും ചുരുങ്ങിയത് മാസത്തിൽ 4 മണിക്കൂർ പരിശീലനം ലിറ്റിൽ ക്ലബ് അംഗങ്ങൾക്ക് ഉറപ്പാക്കും.
ഈ വർഷം 40 കുട്ടികൾ അംഗങ്ങളായുള്ള ഒരു യൂണിറ്റാണ് നമ്മുക്കുള്ളത്.ലഹരിവിരുദ്ധദിനം,ഫ്രീ സോഫ്റ്റ് വെയർ ഡെ,ചാന്ദ്രദിനം,തുടങ്ങി പ്രധാന ദിവസങ്ങൾ വ്യത്യസ്തമായ ഡിജിറ്റൽ വിഭവങ്ങൾ മറ്റു കുട്ടികൾക്ക് പകർന്നു നൽകാൻ നമ്മുടെ ലിറ്റിൽ കൈറ്റ്സിനു കഴിഞ്ഞിട്ടുണ്ട് ഈ വർഷം 1898 സ്കൂളുകൾ ഒൻപതാം ക്ലാസ്സിലും 58247 വിദ്യാർത്ഥികളാണ് ലിറ്റ്ൽ കൈറ്റ്സ് അംഗങ്ങളായത്.പത്താം ക്ലാസ്സിൽ കുട്ടികൾക്ക് ആഗസ്റ്റ് വരെ വിവിധ പ്രൊജക്റ്റ് വർക്കുകൾ ഉണ്ടാകും. SSLC പരീക്ഷക്ക് ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്ക് ഗ്രേഡിനനുസരിച്ച് ഗ്രേസ് മാർക്ക് നൽകാൻ സർക്കാറിന് കൈറ്റ് ശുപാരശ സമർപ്പിച്ചിട്ടുണ്ട്.

**ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ** (കൈറ്റ്) നടപ്പിലാക്കുന്ന ഈ പദ്ധതി രാജ്യത്തെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയാണ്.വിവരവിനിമയ-ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ചയും വ്യാപനവും "ഉൾനാടൻ ഗ്രാമപ്രദേശമായ കാട്ടുകുളത്തെ വിദ്യാർത്ഥികളിലെത്തിക്കാൻ"**ലിറ്റിൽ കൈറ്റ്സ്** പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇവിടുത്തെ ഭാവിതലമുറ കൂടി ഉയരങ്ങളിലേക്ക് പറന്നുയരുന്ന വളർന്ന ചിറകുകളുള്ള പട്ടങ്ങളാണ് ....ഭാവിയിലെ വാഗ്ദാനങ്ങളാണ് ..

എന്ന് ചാരിതാർത്ഥ്യത്തോടെ.....

എം.പി ബീന, കെ.എം.ആശ



**വിജയോത്സവം**





**സ്വാതന്ത്ര്യദിന പരിപാടികൾ**





**പ്രളയബാധിതർക്ക് ഒരു കൈത്താങ്ങ്**

# ഡിക്കെറ്റീവ് : ദി ഭൂതം



അഖിൽ
VIII.F

ഒരു ദിവസം ടി.വി യിൽ ഒരു വാർത്ത

ന്യൂസ് റീഡർ :കൈതക്കാട് എന്ന വീട്ടിൽ മോഷണം . ഈ നഗരത്തിലെ പത്താമത്തെ മോഷണമാണ് നടക്കുന്നത്.പോലീസിന് ഒരു എത്തും പിടിയും കിട്ടുന്നില്ല.ഇത്തവണയെങ്കിലും കണ്ടുപിടിക്കണമെന്നാണ് പറയുന്നത്

ഈ സമയം നമ്മുടെ രാജപ്പനും ശക്തിയും ബീച്ചിലൂടെ നടക്കുമ്പോൾ ഒരു സ്വർണ്ണവിളക്ക് കണ്ടു.രാജപ്പനും ശക്തിയും കള്ളന്മാരാണ്.ശക്തി ആദ്യം സി ഐ ഡി ആയിരുന്നു. പിന്നെ സി ഐ ഡി യിൽനിന്നും രാജിവെച്ചു.

അവർ ആ വിളക്ക് എടുത്തു ശക്തി പറഞ്ഞു

ശക്തി: സി ഐ ഡി നിർത്തിയതോടെയാണ് കാശ് കുറേകിട്ടാൻ തുടങ്ങിയത്

രാജപ്പൻ :അതു ശരിയാ , ഈ വിളക്കിൽ ഇത്തിരി പൊടിയുണ്ട് ,ഇങ്ങു താ തുടക്കട്ടെ .

രാജപ്പൻ അത് ഉരസിയതും ഒരു ഭൂതം പ്രത്യക്ഷപ്പെട്ടു. അവർ പേടിച്ചോടി .

ഭൂതം :ആലമ്പനാ .....അവിടെ നിൽക്കു. ഞാൻ നിങ്ങളുടെ അടിമയാണ് ഗുരു.

ശക്തി :ഞാൻ ഗുരുവല്ല എന്റെ പേര് ശക്തിയാണ്.

രാജപ്പൻ : എന്റെ പേര് രാജൻ . പക്ഷെ എല്ലാവരും എന്നെ

രാജപ്പാന്നാ വിളിക്കുക.
ഭൂതം : ഞാൻ ഭൂതം. ബാബു തെങ്കടി
ഭൂതം. എന്നെ നിങ്ങൾ ബാബു ഭൂതം
എന്ന് വിളിച്ചാൽ മതി. ഞാൻ
നിങ്ങളുടെ മൂന്നാഗ്രഹം
സാധിച്ചുതരാം.
ശക്തി : ഇപ്പോൾ ഒന്നും വേണ്ട.
ഭൂതം : പ്ലീസ്. എന്നെ രക്ഷിച്ച
ആളല്ലെ നിങ്ങൾ.
അങ്ങനെ ഇവർ കുറേ ദൂരം നടന്നു.
അപ്പോൾ ശക്തി ചോദിച്ചു.
ശക്തി : ബാബു ഭൂതമേ ഒരു
ആഗ്രഹം സാധിച്ചു തരുമോ ?
ഭൂതം : എന്താ വേണ്ടത് ?
ശക്തി : ഞങ്ങൾക്ക് ഒരു വലിയ
കൊട്ടാരവും അവിടെ
ബി.എം.ഡബ്ലിയു കാറും വേണം.
ഭൂതം : അങ്ങനെ വലിയ
ആഗ്രഹങ്ങൾ എനിക്ക്
സാധിക്കാൻ പറ്റില്ല. അതൊക്കെ
എന്റെ മുത്തശ്ശനെ പറ്റുള്ളൂ.
ഇതേപോലെ ഒരാൾ മുത്തശ്ശനോട്
വീട് നിറച്ച് പൈസ വേണം എന്ന്
പറഞ്ഞു.
രാജപ്പൻ : എന്നിട്ട് ?
ഭൂതം : എന്നിട്ട് മുത്തശ്ശൻ ബാങ്കിൽ
പോയി ലോക്കർ കുത്തിപ്പൊളിച്ച്
പൈസയെടുത്ത് കൊടുത്തു.
പക്ഷെ അതിന് മുത്തശ്ശൻ
ജയിലിലായി.
രാജപ്പൻ : മുത്തശ്ശന്റെ പേരെന്താ ?
ഭൂതം : കുങ്കു തെങ്കടി ഭൂതം.
ശക്തി : അപ്പോൾ നിങ്ങളൊക്കെ
ഞങ്ങളുടെ ഗ്രൂപ്പാ.
ഭൂതം : എന്നുവെച്ചാൽ ?
ശക്തി : മോഷണം. ഞങ്ങളുടെ
മോഷണവീട്ടിലേക്ക് പോകാം.
അങ്ങനെ അവർ അവരുടെ
മോഷണ വീട്ടിലെത്തി. അവിടെ
നിറച്ച് സ്വർണവും
പൈസയുമാണ്. നമുക്ക് എന്റെ
ഫോണിൽ ഒരു
സെൽഫിയെടുക്കാം.
രാജപ്പൻ : ബാബുവേട്ടന്
ഫോണൊക്കെയുണ്ടോ ?
ഭൂതം : ഉണ്ട്.
അവർ സെൽഫി എടുത്തു. എന്നിട്ട്
അവർ പുറത്തേക്കിറങ്ങി
നടക്കുമ്പോൾ ഒരു വലിയ പെട്ടി
അവിടെ കിടക്കുന്നത് കണ്ടു.
ശക്തി : ബാബുവേട്ടാ, ഈ പെട്ടി

ഒന്ന് തുറന്നുതരുമോ ? ഇത് ലോക്ക്
ഇട്ട് വെച്ചതാ.

ഭൂതം അത് തുറന്നു.
ശക്തി : അതെങ്ങനെയാ തുറന്നത്?
ഭൂതം : അതൊക്കെയുണ്ട്.
ആ പെട്ടിയിൽ നിറയെ
പൈസയാണ്. അത് കണ്ട് ഇവർ
അത്ഭുതപ്പെട്ടു. അങ്ങനെ ഇവർ
നടക്കുമ്പോൾ ഒരു വീട് കണ്ടു.
അപ്പോൾ ഭൂതം പറഞ്ഞു.
ഭൂതം : ഇത് ഒരു പൈസക്കാരന്റെ
വീടാണ്. ഇവിടെ മോഷ്ടിച്ചോ.
ശക്തി : എങ്ങനെ ?
ഭൂതം : ആലമ്പനാ.....

ഭൂതം ഒരു താക്കോൽ അവിടെ
പ്രത്യക്ഷപ്പെടുത്തി.
ഭൂതം : ഈ വീട്ടിൽ ഇപ്പോൾ ആരും
ഇല്ല. ഇപ്പോൾ തന്നെ മോഷ്ടിച്ചോ.
അവർ അങ്ങനെ ആ വീട്ടിൽ
കയറി.
ശക്തി : രാജപ്പാ, ദേ ഒരു ടീവി.
അത് നമുക്ക് പോരുമ്പോൾ
എടുക്കാം.
രാജപ്പൻ : ശരി.

പെട്ടെന്ന് വീടിന്റെ പുറത്തുനിന്ന്
ആരോ വാതിൽ പൂട്ടിയിട്ടു. അത്
അവർ കണ്ടു.
ശക്തി : എന്തിനാ ബാബുവേട്ടാ
ഞങ്ങളെ പൂട്ടിയത് ?
ബാബു : ഞാൻ നിങ്ങൾ വിചാരിച്ച
ഭൂതമൊന്നുമല്ല. ഞാൻ ഡിക്റ്റെറ്റീവ്
ബാബു.
ശക്തി : അപ്പോൾ താനെങ്ങനെയാ
ആ പെട്ടിതുറന്നത് ?
ബാബു : എന്റെ പെട്ടി
എനിക്കല്ലതെ വേറെയാർക്കാ
തുറക്കാൻ പറ്റുക ?
രാജപ്പൻ : അപ്പോൾ ഈ വീടിന്റെ
താക്കോലോ ?
ബാബു : എന്റെയടുത്ത് എന്റെ
വീടിന്റെ താക്കോൽ ഉണ്ടാകും.
ഞാൻ പോലീസിനെ ഇൻഫോം
ചെയ്തിട്ടാണ് വന്നത്. ഇപ്പോൾ
വരും. ബൈ ബൈ.
ശക്തി : രാജപ്പാ.
രാജപ്പൻ : ശക്തി.
ശക്തി : നമ്മൾ പെട്ടു.

അവരെ പിടിച്ച ശേഷം.

എസ്.പി : വെൽഡൺ മിസ്റ്റർ ബാബു.

ബാബു : താങ്ക്യൂ. ശക്തിയും രാജപ്പനും വിളക്ക് ഉരസിയപ്പോഴുണ്ടായ പൊടി വന്നപ്പോൾ ഞാൻ ഒരു പാറയുടെ പിന്നിൽനിന്ന് ചാടി.



# ഇന്നെന്തുപറ്റി ?



അലൻ.എം.അരുൺ
VIII F

ഹാജരെടുത്ത് ക്ലാസ് തുടങ്ങണേന് പകരം ഇന്ന് ടീച്ചർ ഫുൾ ടൈം പത്രത്തിലായിരുന്നു. നോട്ടം ഒരേ പേജിലായിരുന്നോന്ന് സംശയമുണ്ട്. ഹിന്ദി പിരീഡ് പോയെന്ന് സമാധാനിച്ചിരിക്കുകയായിരുന്നു.

അപ്പഴാ വരണത് മ്മടെ പി.ടി പിരീഡ്. സാധാരണ പി.ടിക്ക് തടസ്സം വരുത്തണ മഴയെ ഇന്ന് കാണാനില്ല. എന്നാലും ഇന്നാരും കളിക്കാൻ പോയില്ല. എന്താന്നറിയില്ല മര്യാദയ്ക്കിരിക്കടാ എന്നുള്ള ടീച്ചർമാരുട മുദ്രാവാക്യം കേക്കാനില്ല.

ശബ്ദമുണ്ടാക്കണവൻ ഇല്ലെന്ന് തോന്നുന്നു.ഇനി അവൻ വരുമെന്നും തോന്നുന്നില്ല.കുട്ടികൾ നിറഞ്ഞിരുന്ന സ്കൂൾ കാന്റീനിൽ ഇന്ന് തിരക്കില്ലായിരുന്നു.അവിടെ ഇന്ന് ആകെ ഉള്ളത് മെഴുകുതിരിയും,ചന്ദനത്തിരിയും തീപ്പെട്ടിയുമാണ് .മാങ്ങ എറിഞ്ഞു വീഴ്ത്തണ കുട്ടികൾ ഇന്ന് , കയ്പ്പക്കപറക്കായിരുന്നു. കയ്പ്പ് നീര് ഉണ്ടാക്കാനാണെന്നു തോന്നുന്നു. പെങ്കുട്ട്യോളെ ലൈനടിച്ച് നടക്കണ ചേട്ടായിമാര്ഇന്ന് അവന്റെ വീട്ടിലോട്ട് പോണ ബസ്സിൽ കേറാൻ ലൈനിൽ നിൽക്കുകയാണ്. അവനെ കാണാനാ അവര് പോണെ പക്ഷേ......അവന് അവരെ കാണാൻ പറ്റില്ല. സാധാരണ അസംബ്ലിക്ക് കൊടി പൊക്കുമ്പോൾ സല്യൂട്ടടിക്കണ പിള്ളേര്,ഇന്ന് കൈകൂപ്പുകയാ ചെയ്തേ... കരിങ്കൊടിയായതുകൊണ്ടാണെന്ന് തോന്നുന്നത്..

ഇന്ന് സ്കൂളിന് മുമ്പിൽ വെക്കാൻ കൊണ്ടുവന്ന പോസ്റ്റർ പെട്ടെന്ന് വായിച്ച്"ആദരാഞ്ജലികൾ"....



# കോമരങ്ങൾ



ചന്ദന രാജ്
VIII.A

അവൾ നടക്കുകയാന് ഇടതൂർന്ന
വഴിയിലൂടെ.തെരുവീഥിയിലൂടെ
തനിച്ച്.സമയം
ഇരുട്ടിതുടങ്ങിയിരിക്കുന്നു .കോളേജ്
വിട്ടുകഴിഞ്ഞാൻ നേരത്തേ
വീട്ടിലെത്തുക
പതിവാണ്.ഇന്നാണെൻ എന്നും
വരാറുള്ള ബസ്
പദ്ധറായികിടക്കുകയാണ്.ചെറിയ
പേടി മനസ്സിലുണ്ട്.പത്രങ്ങളിലെ
വാർത്തകളും മറ്റും വായിച്ചതിൻ
.....ഏയ് തനിക്കൊന്നും
സംഭവിക്കില്ല.ദൂരെ അത
കുറച്ചുപേർ നിൻക്കുന്നു.ലഹരിയുടെ
വൃത്തിഹീനമായല നാറ്റം
അവിടെങ്ങും പരക്കുന്നു.അവൾ
മുന്നോട് നടന്നു അവരുടെ
നോട്ടങ്ങളൊന്നന്നും തനിക്കുനേരേ
വരുന്നില്ല.എക്കിലും
അടുത്തെത്തിയപ്പോൾ അവളുടെ
വെഗത അവളറിയാതെ
കൂടി.കുറച്ചുനടന്നപ്പോൾ പിന്നിൻ
നിന്നൊരു ഹോണടി ശബ്ദം.ഒരു
ഓട്ടോ "മോളേ വൈകിയോ?”തന്റെ
അടുത്ത വീട്ടിലെ ചേട്ടനാണ്
കുഴപ്പമില്ല അവൾ ഓട്ടോയിൽ
കയറി.തന്റെ തല ആക്കെ
പുകയുന്ന പോലെ. ഒരു കടയുടെ
മുന്നിൻ വണ്ടി നിർത്തി.ഇപ്പോ
വരാം എന്നു പറഞ്ഞ് അയാൾ
പുറത്തിറങ്ങി.ഇത് നോരത്തേ
കണ്ട ആളുക്കൾ ഓട്ടോയിൽ
കയറിയിരുന്നു
.ഇതവരല്ല.കണ്ടതെല്ലാം
പുതിയമുഖങ്ങളായിരുന്നു
.പക്ഷേ................ഇവരുടെ
ചുണ്ടുക്കൾ ചുകന്നിരുന്നു ഇവരിതാ

തനിക്കുനേരേ തിരിയുന്നു.ഇതാ
ഓട്ടോക്കാരനും.എത്
പരിച്ചയക്കാരും അറിയാതവരും
കൂടി തന്നെ.ആരെയും
വിശ്വസിക്കാൻ കഴിയാത
കാലം.അതെ കുട്ടിക്കാലം

തന്നെ.ഇതാ കോമരങ്ങളായി
അവർ
പൊങ്ങിവരുന്നു.
ആ..........ആ...........ആ..............
ഒരു നിലവിളിയോടെ എല്ലാം
നിലച്ചു.

# മുഖം മൂടി



അലൻ.എം.അരുൺ
VIII.A

പുതിയ വീട്, പുതിയ അന്തരീക്ഷം. കാണുന്ന മുഖങ്ങളെല്ലാം പുതിയതാണ്; പക്ഷേ അവയെല്ലാം മുഖംമൂടികളാണോ എന്ന സംശയമുണ്ട്. രണ്ടു ദിവസമായി ഞാനും, അമ്മയും അമ്മാവന്റെ വീട്ടിൽ താമസിക്കാൻ തുടങ്ങിയിട്ട്. അച്ഛനെ കണ്ടിട്ടും കുറേ ദിവസമായി. അമ്മ ഇപ്പോൾ എന്നോട് ഒന്നും മിണ്ടാറില്ല. ഈ വീട്ടിൽ നല്ല തിരക്കാണ് . കുറേ പേർ അമ്മയോട് സംസാരിക്കുകയും, അമ്മയുടെ പുറം തട്ടി ആശ്വസിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ ആൾക്കാർ അമ്മക്കും മുഖം മൂടി കൊടുക്കുകയാണൊ ? എത്ര ദിവസമായി അമ്മ തനിക്ക് ഒരുമ്മ തന്നിട്ട്, എത്ര ദിവസമായി അമ്മ കഥ പറഞ്ഞ് ഉറക്കിയിട്ട്, എത്ര ദിവസമായി അമ്മ ചോറ് വാരിതന്നിട്ട്. കുറച്ചു മാസങ്ങൾ അങ്ങനെ കടന്നുപോയി. ഏക ആശ്വാസം അമ്മായിയാണ്. ചില നേരത്ത് അമ്മാവനും അമ്മായിയും തമ്മിൽ കശപിശ നടക്കാറുണ്ട്. തന്നെ കുറിച്ചാണെന്നാ തോന്നുന്നത്. അച്ഛന്റെ വേർപാടാണ് ഇതിനൊക്കെ കാരണമെന്ന് പിന്നീട് മനസ്സിലായപ്പോൾ ഉടലൊന്നു വിറച്ചു. അടുത്ത ദിവസം, തന്നേയും അമ്മയേയും അമ്മാവൻ വീട്ടി

നിന്നു പുറത്താക്കി. ഇനിയെന്ത് എന്ന ചോദ്യം അമ്മയുടെ മനസ്സിനെ അലട്ടുന്നു ായിരുന്നില്ല. ആ നിമിഷം തന്നെ അടുത്തുള്ള പുഴയിൽ എടുത്തു ചാടി ജീവനൊടുക്കി. എല്ലാം ക ുനിൽക്കാനേ എനിക്ക് സാധിച്ചുള്ളൂ. കരയണോ വേ യോ എന്നു തീരുമാനിക്കാൻ ശ്രമിക്കുന്നതിനിടെയാണ് ഒരു മുഖം മൂടി ഒഴുകിവരുന്നത് ക ത്. അത് അമ്മയുടേതായിരുന്നു. അതു ഞാൻ എന്റെ മുഖത്തിലിട്ടു. അതിനു നല്ല തരുതരുപ്പ്. അഴിച്ചുനോക്കിയപ്പോൾ വെളുത്ത എന്തോ പൊടി. അതിനെ നാക്കിൽ തൊട്ടുനോക്കി. ഉപ്പുരസം വായയിലും കയ്പ്പ് രസം മനസ്സിലും നിറഞ്ഞുനിന്നു.

# തേന്മാവ്



അശ്വജിത്ത്
V.B

തോട്ടിൻ കരയിലെ നാട്ടു മാവിൽ
നിന്ന് സ്വർണ്ണ നിറമുള്ള പൂക്കൾ
വിരിഞ്ഞു.മാമ്പൂ മണം. കാറ്റിൽ
പറന്നു.ഇതറിഞ്ഞ
അണ്ണാറക്കണ്ണൻ
മാവിൻകൊമ്പത്തൊരു കൊമ്പുവച്ചു
നാട്ടുമാവിനോട്
കൂട്ടുകൂടി.വേനൽക്കാലം വന്നു.
ഉണ്ണിമാങ്ങകൾ പഴുക്കാൻ
തുടങ്ങി.മാങ്ങ പഴുത്ത് മണം
പരന്നപ്പോൾ ഉണ്ണിക്കുട്ടനും
കൂട്ടുകാരും മാവിൻ ചോട്ടിൽ കുട്ടീം
കോലും കളിക്കാൻ
തുടങ്ങി.ഉച്ചസമയത്ത്
കാറ്റ് വീശും.കുഞ്ഞിക്കാറ്റ് പയ്യെ
വീഴുമ്പോഴേക്കും പഴുത്തമാങ്ങ
ഞെട്ടറ്റുവീഴും.പിന്നെ ഉണ്ണി ഒറ്റ
ഓട്ടമാണ്.മാങ്ങ പെറുക്കാൻ
വൈകുന്നേരം
സഞ്ചിനിറയെ മാങ്ങയുമായി
ഉണ്ണിയും കൂട്ടുക്കാരും വീട്ടിലെത്തും.
ഒരു ദിവസം
കാറ്റ് വീശിയില്ല...ഒറ്റ മാങ്ങപോലും
താഴേക്ക് വീണില്ല.ഉണ്ണി കല്ലെടുത്ത്
മാവിലേക്ക് എറിയാൻ
തുടങ്ങി.ഉണ്ണിയുടെ ഏറുകൊണ്ടത്
മാവിൻകൊമ്പത്തെ
കുഞ്ഞണ്ണാന്റെ
ദേഹത്താണ്.കുഞ്ഞണ്ണാൻ
കരയാൻ തുടങ്ങി.കുഞ്ഞണ്ണാന്റെ
കരച്ചിൽ കേട്ടപ്പോൾ മാവിന്
സങ്കടമായി.മാവ് കുഞ്ഞണ്ണാന്
മാമ്പഴം നൽകി
കാറ്റ് വീശി മാമ്പഴം
വീണില്ല.താഴെയിരുന്ന്
വിഷമത്തോടെ മാവിലേക്ക്
നോക്കുന്ന ഉണ്ണിയെ കുഞ്ഞണ്ണാൻ
സങ്കടത്തോടെ

നോക്കിയിരുന്നു.കുഞ്ഞനണ്ണാൻ മാവിനോട് പറഞ്ഞു "തേന്മാവേ,തേന്മാവേ ഉണ്ണിക്കിത്തിരി മാമ്പഴം കൊടുക്ക്". കുഞ്ഞനണ്ണാന്റെ സ്നേഹത്തോടെയുള്ള സംസാരം കേട്ടപ്പോൾ തേന്മാവ് ഒത്തിരി മാമ്പഴം ഉണ്ണിക്ക് വീഴ്ത്തികൊടുത്തു.കുഞ്ഞനണ്ണാൻ പറയുന്നതൊക്കെ ഉണ്ണി മാവിൻ ചോട്ടിലിരുന്ന് കേട്ടു.ഉണ്ണി കുഞ്ഞണ്ണാനോട് ക്ഷമ പറഞ്ഞു.""കുഞ്ഞനണ്ണാനേ...കുഞ്ഞനണ്ണാനേ അറിയാതെ പറ്റിയ തെറ്റാണേ".കുഞ്ഞനണ്ണാൻ താഴേക്കിറങ്ങി വന്ന് ഉണ്ണിയുടെ കവിളിലി തലോടി.പഴുപഴുത്തൊരു മാമ്പഴം ഉണ്ണിക്ക് നൽകി.

-

# ഉള്ളിലെ ചെകുത്താൻ



ജെ.ഉത്തര
V.B

ആ ഇടവഴിയിലൂടെ അയാൾ ബസ്സിറങ്ങി നടന്നു.കൃഷ്ണനെന്നായിരുന്നു അയാളുടെ പേര്.ഇയാൾ അവിടെയാർക്കും അപരിചിതനല്ല.കൃഷ്ണൻ എല്ലാവർക്കും സുഹൃത്താണ്,വഴികാട്ടിയാണ്.വിവാഹത്തിനു മുൻപും ശേഷവും

വർഷങ്ങൾക്കുമുൻപുള്ള ആ ദിവസം, അയാളത് ഓർത്തെടുത്തു."അന്നാണ് ഞാനാ താലി അവളുടെ കഴുത്തിൽ ചാർത്തിയത്."അയാൾ ആ ദിവസത്തെ ശപിച്ചും പഴിച്ചും വഴിയിലൂടെ നടന്നു.

സുമതി.അതെ, അതുതന്നെയാണ് തന്റെ ഭാര്യയുടെ പേര്.അവൾ വളരെ സുന്ദരിയാണ്.പുറമേ മാത്രം,അകത്തുള്ളത് കറപിടിച്ച മനസ്സാണ്.....

ഭർത്താവിനേയും കൂട്ടി പുറത്തേക്കിറങ്ങുമ്പോൾ അവൾ വളരെ നല്ലവളാണ്.നല്ലൊരു മനസ്സിനുടമയാണ് .വീട്ടിലെത്തിയാൽ കഥമാറി.ഇവർ തമ്മിൽ വീട്ടിലെന്നും വഴക്കാണ്.അല്ല അടിയാണ്.

അങ്ങനെയിരിക്കെ അവർക്കൊരു കുഞ്ഞു പിറന്നു.ജീവൻ.അവന് അമ്മയെയായിരിന്നു ഇഷ്ടം.അച്ഛനെ കണ്ണിനുമുന്നിൽ കണ്ടുകൂട.അച്ഛൻ തന്റെ

അരികത്തിരിക്കുന്നതുപോലും ഇഷ്ടമല്ല. "

കാലം കടന്നുപോയി.ജീവൻ ഇപ്പോഴൊരു യുവാവാണ്.കൃഷ്ണനും സുമതിയും വൃദ്ധരായി കഴിഞ്ഞിരിക്കുന്നു.എങ്കിലും,ജീവനും സുമതിക്കും കൃഷ്ണനോടുള്ള വെറുപ്പിന് മാറ്റമില്ല.അവർ മറ്റുള്ളവരുടെമുന്നിൽ ഒളിച്ചുവച്ചിരുന്ന വഴക്ക് ഇപ്പോൾ നാട്ടിൽ പാട്ടാണ്.

കൃഷ്ണന് വീട്ടിലെന്നും അവഹേളനയാണ്.ഭാര്യയും മകനും അയാൽക്കുനേരെ ചൊരിയുന്ന ശകാരവർഷത്തിന് കണക്കില്ല.ഇപ്പോഴിതാ മകന്റെ പുതിയൊരു ഭീഷണി.അയാൾക്കുവേണ്ട ഭക്ഷണ് അയാൾ തന്നെ കണ്ടത്തെണമെന്ന്.പൈസ മുടിക്കാനായി ജീവിക്കുകയാണത്രെ അയാൾ!

"മടുത്തു,ഈ ജീവിതം,മടുത്തു.അതെ ഞാനതുത്തന്നെചെയ്യും."വീട്ടിലെത്തി കീറപായയിലേക്കു ചായുമ്പോൾ മനസ്സ് പറഞ്ഞു.

സുമതിയുടേയും ജീവന്റെയും കൂർക്കവലി കേട്ടപ്പോൾ അയാൾ വീടിനു വെളീയിലേക്കിറങ്ങി നടന്നു.സ്റ്റേഷനിൽ തീവണ്ടി വരുന്നതിന്റെ മുന്നറിയിപ്പുകേട്ടപ്പോൾ കൃഷ്ണൻ പാളത്തിലേക്കിറങ്ങി.മരണം മുന്നിൽ കണ്ട നിമിഷം വന്നപ്പോൾ അയാൾ പറഞ്ഞു "എത്ര നല്ലവരായാലും അവരുടെ ഉള്ളിലൊരു ചെകുത്താനുണ്ട്."

# പ്രസക്തി



ചന്ദന രാജ്
VIIIA

"ജലം അമൂല്യമാണ്.അത് പാഴാക്കരുത്.ഇത് ഞാനും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്". വലിയൊരു ജാഥയ്ക്കു ശേഷം അയാൾ വീട്ടിലെത്തി.പൈപ്പ് തുറന്നു.മുഖമൊന്നു കഴുകി.അതാ....ശിവന്റെ ഫോൺ വിളി.അയാൾ പൈപ്പ് നിർത്താതെ ഫോണിനടുത്തേക്കോടി.



# Maternity



Nandhana K.R
X.A

Once there lived a couple in a small village. They belonged to a middle class family. After years of waiting,they were blessed with a baby boy. The chubby and cute baby was named Anuragh. They lovingly called him Anu .

After some years Anu grew and he went to school and then after to college. He always stood first in academics. The parents loved him so much as he was a single child .Soon after finishing his studies he got a job with a good salary. The parents were very happy and he grew successful.

After some years a miracle happened Father passed away due to heart attack. This was too shocking for mother and son. The mother loses her mind and the house starts feeling like a graveyard. Mother always seems waiting for husband. The son compels her to go with him .But she doesn't listen So the son decides to stay with her in the village.

Time flew and his marriage was fixed. The girl was sweet but financially low . She looked after his mother well. His mother also loved her back . They lived a happy life.

After a few days the attitude of the girl changes .As the mother grows old she becomes a burden to the daughter-in-law .She asks her husband to sent his mother into an old age home .Even though he doesn't agree at first eventually he agrees .

The son was going to leave his mother in a school. But his memories about his school life does not allow him to leave his mother alone. He tries to leave her at different places but the loving memories of his parents haunts him and he fails in his attempts to abandon her. But when he gets back

home along his mother the wife scolds him .But he feels confused because he wants both his mother and his wife . When a huge stone is put in the middle of a road,the vehicle can't go through there. The son's problem is also like a huge stone lying in the middle of the road .He was totally confused.
After few days the daughter-in-law's mother dies and after that incident she is only having husband and mother-in-law .So she starts loving Anuragh's mother as her own.



# Regret



MEGHA NAIR
IX.F

A big stone lying in the middle of the road, that was what I thought when I saw it at first. But what caught my eyes was its shape ,it resembled a tear drop . I took it home and kept it on the table beside my bed. I fell asleep as soon as I laid down on the bed. It was a very tiresome but productive day. Being a construction manager I worked mostly outdoors.

Mind on these thoughts I didn't notice that the tear shaped stone was morphing. I noticed it only when I saw a beautiful maiden sitting on my on table and she looked very sad,her eyes were the only thing that struck a chord with the tear-shaped stone,And abruptly she started talking to me in her melodious voice. I asked her questions but she seemed to her nothing instead she told me ,her whole journey till date .She was born in the place I saw her for the first time. The only thing she saw was darkness but it never mattered as she could hear a lot of things...The singing of birds,the blowing of wind ,the joyful chatter of rain,the sweet nothings of couples....

She was a very happy person but the happiness didn't last long. It all started changing during her teens ...she started hearing new but scary voices. The sound of mining ,the moving of wheels,the construction of mobile towers..All those sounds dear to her were not to be heard. First the sound of birds



were lost to the sound of those mobile towers soon the healing chatter of rain was lost to the scorching heat of the Sun. Soon it

became a routine for her to wakeup to the sound of vehicles and drift to sleep with the metros. At this point of her journey she started crying and wailing like a mad woman. I tried to console her ,but she was beyond consoling.

She spat words at me like how a dragon does with venom and fire and I heard it all with a bowed head. She told me to stop all those things that we ,the human race is doing to her .She told me stop cutting her veins down. She told me to stop drinking her blood. She to0ld me to change. And then I woke with a start and searched for the stone and it lay there, all lifeless and bare. I smirked and thought 'she, a stone lying in the middle of the road was telling me to stop and then at the moment a tear fell on my palm and then I saw her ,the beautiful maiden of my dream .in each passing second she was losing her glory. She was turning dark and huge with the fire of revenge burning in her eyes. Her, mother nature,fragile and caring was turning into a blood thirsty moron. When she spotted me she smirked and spat venom while burning in that fire , what came in my mind was nothing I loved ...Not my family nor my friends. It was just raw regret swallowing me faster than the fire ......

# *Rise of the sun for the dawn*



ANJU.P KURIAN
XII.BIO

She went towards the moist window and the ceased the clumpsy snow with the happy hands. It's the last day for winter. The sun is going to infringe hi's marginals with his sunny hands from tomorrow. She wished to say a goodbye for the snow peaks till they come back for another time. Tomorrow, she is going to pool into her ultimate gift ever for her birthday. Yes, she is going to be eight the next day and to meet her father for the first time. She only had some sort of information about how he was like from the little words of the maid, who had look after her for these 8 long years. He's a smart, fair man who done with his job as a keeper in the public park.

Her mom had flown away leaving her and her father alone to the god's grace. Her father was very concerned about her but he didn't had the potential to stuff her hunger. He always had his pockets empty. He left me here with a loud by in his heart for a better life for we both. He got a job in New jersey for 8 years and will get settled with this job. As it was a good offer, he left me by promising to come back.

Her mother was blinking her eyes happily at her from the walls of the dark sky. Many other stars was betraying me by blinking their eyes. She was lost in her dreams till the call had come for dinner. She was watching television and having food. It informed that the release of Director Antoine Marker's “The widower” is tomorrow and she hoped to go with her father for this movie. She got back to her dreams after the dinner and that the time was running very slow as she was eagerly waiting to meet her father. Does he has boarded from there? According to fight consolidation, he will have his flight late night from there. He

will be at the skies now. He will arrive home by 7am morning and make his wishes for me.

She don't know when she slip over to sleep last night but had woke up early unusually, smiling at the bright sun. The clock had reached 6:30pm and she ran to the door to open it for the first knock of her father and get the wishes. The maid had done with the mess in the kitchen for the breakfast and was waiting, the father with her. Time gone fast and the clock had made his whistle for 7:00am but it sanked infront of the scream of the live reporter on the crash of yesterday's late night flight. That bright sunrise was her external dawn!



# *Realisation**



SAURAV
VIII.A

**Scene 1**

(House) (Papa and John on stage)
(Papa is reading a newspaper)

John: Papa........Papa.(looking at his phone)
Papa: Yes John, what's the matter?
John: Papa. The data in my phone has expired.
Papa: So?
John: So would you give me some money to recharge my internet? (calmly)
Papa: John, may I know something? What did you do with your first salary?
John: I have already spent it on a huge data pack.
Papa: Why the heck did you do that? I told you not to spend much money for that. You have already become a great addict of mobile phones. No recharge, nothing. Get out of here.
(Turns around and reads newspaper)
John: No recharge? Huh? (To himself)

*Won first prize in Sub district Youth Festival.

(Takes a steel flask nearby and hits Papa in the middle of the head. Papa collapses and falls down.)
John: (laughs) How pathetic!
(Takes some money from Papa's pocket)
(After that, drags him out of the stage)
John: (shows the money towards the audience and tells)
Now, I can recharge my phone!
(Goes out of the stage)

**Scene 2**

John: (John is in house looking at the phone with earphones on)
Ah, now as my father is in ICU, there is some calmness in the house.
(Calling bell rings once, twice and then vigorously many times.
But John doesn't pay attention.)
John: (snaps) Who is that?
(With irritation)

John: Come in.
(A man with an executive dress comes in.)
Boss: John! How many times did I call you? Why didn't you come to the office today?
(John doesn't look up from his phone)
Boss: John!
(Nothing)
Boss: John! Just throw away that phone.
(Nothing)
Boss: Keep that phone down or I'll dismiss you.
(Nothing)
Boss: (With a very loud voice, angrily) John!!!
(John suddenly stands up and exclaims)
John: Who the hell are you to tell me.....
(When John realises that it was his boss, he became bewildered)
John: James? It was you? Oh I'm extremely sorry....sorry.....
I don't know what to say.
James: Don't say a word John, not even a word.
(This is said sternly)
And a very good news for you. No need to come to office today.
(John sighs with relief and smile)
And also you don't need to come tomorrow or day after tomorrow or any other day after that. Because.....you're dismissed.
(John's smile turns to a bewildered expression. Boss starts to leave)
(John stops him)
John: No....James....James....I'm so sorry.
James: Get out of the way. I don't need such an addict in my company. You barely come to the office.
(Pushes John away)
John: (After Boss leaves) Who needs such a damn job? It is better to have no job at all than working under such a dirty scoundrel.
Rascal.... (Tells this frustratedly)
John: Whatever happens.... I have facebook to rely upon. (Returns to his phone)
(After sometime a loud noise behind the stage.)
All people of this town attention! Attention! This is an urgent information. A great flood has affected Kerala. Now the water level in our town too is rising. So dear people, please get out of this town as soon as possible with the rescue operators.
Attention! Attention! Attention!
John: I'm not going to get out of my house. Why should I? First let me finish watching the movie.... (Suddenly three people rush into the house)
Uncle: John, let's get out of the house and this town. Let us save.... (Uncle looks at aunt who is holding a make-up

set, a laptop, a mobile, few sarees and sunglass.

Uncle: What are all these?

Aunty: (holds up each one by one and tells)

My laptop, my make-up set, my costly sunglass and the three sarees I bought just yesterday.

Uncle: Shut it! Your life is in great danger now and your concern is your stupid unvalued belongings.

Aunt: (Exclaims) Who said that they are unvalued?

(Turns angrily)

Aunt: (Side of the stage)

Molly! Molly!

(A servant comes in)

Servant: Yes, madam.

Aunt: Take all this. (Passes all things to her) Let's leave from here. I don't want to stay any longer with a person who doesn't care even for my basic needs.

Servant: Madam, is make-up set a basic need? And it's raining outside! The sun barely peeps out. So are the sunglasses a basic need?

Aunt: How dare you question me?

(Turns around)

(Servant makes mocking faces at aunt and when she keeps her hand on head like a curse, aunt turns around, suddenly she acts like she was scratching her head)

(After that uncle touches aunt's face and rubs the make-up between his fingers.)

Uncle: Mmm.... Seems like Asian Paints. Or Berger, perhaps.

Mary.... You're going to a refugee camp, not a fashion show.

(Aunt turns around)

Aunt: Come on, Molly. Let's get out of here quick. Follow me!

(Uncle sighs with a mingled expression of pitiness and shock)

Uncle: (To John) By the way John. Let's get out quick.

John: No uncle.... Let me finish this movie.

Uncle: No John, really... Are you mad?

John: Please, uncle. It is the climax.

Uncle: Stop this mess right now!

John: Whatever you say, I won't get up.

(Suddenly an old man comes in)

Grandpa: What is the problem here? Why are you shouting like this?

Uncle: Look at this Dad, look at this! Water is going to swallow us within moments and still this guy is sitting still like a stone.

"Wants to finish a movie", he tells.

(Mimics John's tone)

Grandpa: Dear grandson. Come on, let's go.

John: No.

Grandpa: Come on, or else you're going to die.

John: (Looking at his phone) What an entry! Amazing!
Grandpa: John? Are you hearing me?
(Nothing)
Grandpa: Come on. Just budge and get moving.
(Nothing)
Grandpa: (Angrily) John! John!
(Again)
Grandpa: (Move angrily) John! Really you are getting into my nerves.
(All this time John is laughing or exclaiming randomly, looking to his phone)
(After that, Grandpa gets impatient and slaps John right in the face)
John looks up with a start and keeps a hand on his face.
Grandpa: Now are you really in here?
John: Yes, Grandpa! When did you come?
(Grandpa sighs angrily)
(Suddenly a gushing sound of water)
Uncle: Oh no! The water is rising.
(Looks at the side of the stage)
We are trapped.
Grandma: Quick! Call the rescue operators.
Uncle: You are right. (Dials a number in his phone)
There are times when phones come in handy! Really!
John: Is water rising? Then, let me take a selfie in front of it. I’ll get a 500 likes!
(John takes a selfie but falls to the water)
(Side of the stage)
Grandma: John! Oh god! Please! John! Oh no!
Uncle: Let’s try to save him!
(Uncle holds out a hand and grandma pulls uncle towards her) (Together they rescue John)
(John lay unconscious)
Uncle: John! Wake up! Come on! Live! Live! Pushes with two hands on the chest. After that, beats vigorously on chest like taking revenge)
(Suddenly john wakes up)
Grandma: John! John! Are you ok?
John: Yes! What happened?
Grandma: You were about to lose your life because of your madness and addiction. You fell into the water while taking a selfie.
(John looks down ashamed)
Grandma: Did you learn anything from this.
(John does not look up)
Uncle: Look up you....
Grandma: John! I asked you what you learned from this.
John: I learnt... I learnt... I learnt that life is not to be wasted inside this stupid box (holds up the phone)
(Uncle comes in front and say)
Uncle: Yes your life is a gift of god. It is not to be burnt inside this stupid piece of metal.

Your life is precious. Live it up because (pauses) you have only got one.

Grandma: Smartphone come to the world as a great invention but now it became a great invention only if it is used at the right time and at the right place. So take care, unplug this thing when it's not needed and then reconnect for a better future.

(All characters hold hand and raises them up)



**തിരുപ്പതിയിൽവെച്ച നടന്ന ജൂനിയർ നാഷണൽ മീറ്റൽ 6ാം സ്ഥാനം നേടിയ ആകാശ്.**





**സംസ്ഥാന അമേച്വർ അതലറ്റിക്ക് മീറ്റിൽ സമ്മാനം നേടിയ അശ്വിൻ, XII (ഹൈ ജംപ് ); വിമൽ, XI ( പോൾവാൾട്ട് )**





**വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ**

# അക്ഷര പ്രഭയോടെവന്ന ജ്വാലാദീപം



വൈഷ്ണവി . കെ
X A

പ്രകാശപൂരിതമ്മാക്കണ്ണുകൾ
വാനിലെ നക്ഷത്രങ്ങൾക്കമ്മപ്പുറം
ദീപ്തിയോടെവന്നവളെൻ
ഏകാന്തമാം മനസ്സിൻ
പ്രശാന്തതാഴ്വരയിൽ

സ്ഫുരിക്കുന്ന ആ പത്മ-
നയനങ്ങൾ തൻ
പ്രകാശമെന്തേയെന്നിൽ നിന്ന-
കന്നുപോയ് ഇനിയും വന്നു
ചേരുമോ ആ ചെമ്പനീർ പൂ-
തൻ സൗരഭ്യം
എന്നരികെനിന്നു ജ്വലിച്ചപ്പോഴും
അറിഞ്ഞില്ല ഞാനാ....
മനപ്രകാശം എന്നാൽ  ഞാൻ
കണ്ടു
അകലെനിന്നാ മനസ്സിൻ
ദീപ്തി മിന്നൊളിയായ് ദേവിയാം
അവൾതൻ  പൂർണ്ണ

ദർശനം ലഭിച്ചില്ലെങ്കിലും
ധന്യയായ
ഞാൻ കണ്ടില്ല ഞാനിതുവരെ
മാരിവില്ലിൻ നിറങ്ങൾക്കു-
മ്മപ്പുറം  വർണ്ണപ്രഭ

ചൊരിഞ്ഞൊരുദേവിതൻ ദർശനം
എന്നാൽ അവൾ തൻ ദർശനം
ഒരു ദിവ്യ ദർശനമായി
എൻ മനസ്സിൽ കുളിർക്കാറ്റ്
വീശിക്കൊണ്ടിരുന്നു നിത്യവും

ആ മുഖം കണ്ടപ്പോഴെല്ലാം
കടന്നു പോയ് എൻ
മനസ്സിലൂടായിരം സൗരഭ്യ-
മയമാം കുളിർ തെന്നലുകൾ
ആ മനപ്രകാശം വർണ്ണിക്കാൻ
വാക്കുകളന്വേഷിച്ചെങ്കിലും
വരവേറ്റില്ലയെന്നെ ഒരു

വാക്കുകൾപോലും

അതിനിടെ ഒഴുകിയെത്തി
പകരം വക്കാനാവാത്ത
ചെമ്പകത്തിൻ സൗരഭ്യം
എൻ സൗന്ദര്യംപോൽ
അനിർവചനീയമാം ഇതും
എന്നെൻ കാതിലോതി

സൗരഭ്യം വീശിക്കൊണ്ടൊഴുകി
പോയെങ്ങൊ പ്രകാശത്തിൻ
പരത്താൻയെങ്കിലും എൻ
മനസ്സിൽ നീ "അക്ഷരമായ്
നിൽപ്പൂ നിത്യവും"

# അപ്പോം ചുട്ട്



നിവേദ് പി.എം
V ബി

അപ്പോം ചുട്ട്
അടേം ചുട്ട്
എലേം വാട്ടി
പൊതിഞ്ഞു കെട്ടി
